പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3411 | 14.07.2015-ൽ മറുപടിയ്ക്ക്

## കൽപ്പറ്റ നിയോജക മണ്ഡലത്തിലെ ഹാംലെറ്റ് പദ്ധതി

ചോദ്യം

ശ്രീ.എം.വി.ശ്രേയാംസ് കുമാർ

മറുപടി

ശ്രീമതി.പി.കെ.ജയലക്ഷ്മി

(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | കൽപ്പറ്റ നിയോജക മണ്ഡലത്തിലെ ഏതെല്ലാം പട്ടികവർഗ്ഗ കോളനികളെയാണ് ഹാംലെറ്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | എ) | 2014-15 സാമ്പത്തിക വർഷം കോട്ടത്തറ പഞ്ചായത്തിലെ കല്ലുമൊട്ടംകുന്ന്, കരിങ്കുറ്റി കുറിച്യ, പണിയ കോളനികൾ അടങ്ങിയ ക്ലസ്റ്ററും, 2015-16 സാമ്പത്തിക വർഷം കണിയാമ്പറ്റ ഗ്രാമ പഞ്ചായത്തിലെ കാവടം, ആവവയൽ പണിയ കോളനികൾ അടങ്ങിയ ക്ലസ്റ്റർ എന്നി കോളനികളെയുമാണ് കല്പറ്റ നിയോജക മണ്ഡലത്തിൽ നടപ്പാക്കുന്ന ഹാംലറ്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. |
| ബി) | പ്രസ്തുത കോളനികളിൽ എന്തെല്ലാം പ്രവൃത്തികൾ ഇതിനോടകം ആരംഭിച്ചിട്ടുണ്ടെന്നും ഓരോ പ്രവൃത്തികളുടെയും ഇനം തിരിച്ചുള്ള വിശദാംശവും ലഭ്യമാക്കുമോ? | ബി) | റോഡ് നിർമ്മാണം, കലുങ്ക് നിർമ്മാണം, വീട് പുനരുദ്ധാരണം, റോഡ് സൈഡ് കെട്ടി മണ്ണിട്ട് ഇന്റർ ലോക്ക് ചെയ്യൽ എന്നിവ 2014-15-ൽ ആരംഭിച്ചിട്ടുണ്ട്. 2015-16-ൽ ടി പദ്ധതി നടപ്പിലാക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ